Appendix H4

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

മൃഗസംരക്ഷണ(ഇ) വകുപ്പ്
രണ്ടാം നില, അനക്സ് II, ഗവ.സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-1 ഫോൺ : 0471 -2518569

നമ്പർ.E3/308/2023-AH

27-02-2025,തിരുവനന്തപുരം.

മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജനായിരുന്ന സവിത.ബി.എച്ച് എന്ന താങ്കളെ അറിയിക്കുന്നതെന്നാൽ,

29/08/2005-ന് മലപ്പുറം ജില്ലയിലെ എടരിക്കോട് വെറ്ററിനറി ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിച്ച താങ്കൾക്ക് GO(RT)No.1558/2005/AD തീയതി 28.10.2005, പ്രകാരം 08/11/2005 മുതൽ 07/11/2010 വരെ അഞ്ച് വർഷത്തേയ്ക്ക് വിദേശത്ത് ജോലി നോക്കുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് GO(Rt)No.1041/2010/AD dated 07.06.2010, 25.09.015-ലെ D4/19692/2015/Estt പ്രകാരം 8/11/2010 മുതൽ 07/11/2015 വരെയും 08/11/2015 മുതൽ 07/11/2020 വരെയും പ്രസ്തുത അവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. താങ്കൾ 08/11/2020 മുതൽ അവധി ദീർഘിപ്പിക്കുന്നതിന് 04/01/2021-ൽ സമർപ്പിച്ച അപേക്ഷ 30/12/2020-ലെ 83/2020/fin നമ്പർ സർക്കുലർ പ്രകാരം നിരസിച്ചിട്ടുള്ളതും അടിയന്തിരമായി ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ആയതിനെ തുടർന്ന് 27.03.2021-ൽ സർവ്വീസിൽ തിരികെ പ്രവേശിക്കാൻ റിപ്പോർട്ട് ചെയ്ത താങ്കളെ 19.04.2021-ലെ AHD/2497/2021-D2 നമ്പർ നടപടിക്രമം പ്രകാരം വയനാട് അമ്പലവയൽ വെറ്ററിനറി ഡിസ്പെൻസറിയിൽ നിയമിച്ചിട്ടുള്ളതുമാണ്. താങ്കൾ 23.04.2021-ന് New entrant ആയി സർവ്വീസിൽ തിരികെ പ്രവേശിച്ചുവെങ്കിലും 21.06.2021 വരെ തുടർച്ചയായി ജോലി ചെയ്തതിന് ശേഷം 25.06.2021 മുതൽ 29.06.2021 വരെ 5 ദിവസത്തെ അവധി സമർപ്പിച്ചതിന് ശേഷം നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലായെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിൽ, അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കളുടെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II-ലെ ചട്ടം 19 പ്രകാരം നിർത്തലാക്കി താങ്കളെ സർവ്വീസിൽ നിന്നും ഡിസ്ചാർജ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് 11.07.2024-ലെ E3/308/2023-AH നമ്പർ കാരണം കാണിക്കൽ നോട്ടീസ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന താങ്കളുടെ

അറിയാവുന്ന സ്വദേശത്തെയും വിദേശത്തെയും വിലാസത്തിൽ നൽകിയിരുന്നതിൽ സ്വദേശത്തെ വിലാസത്തിൽ അയച്ചത് കൈപ്പറ്റാതെ തിരികെ വന്നതായും വിദേശത്തെ വിലാസത്തിൽ അയച്ചതിന് നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത നോട്ടീസ് വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കാരണം കാണിയ്ക്കൽ നോട്ടീസ്-ന് താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും ഇനിയൊരറിയിപ്പ് നല്കാതെ തന്നെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മൃഗസംരക്ഷണ (ഇ) വകുപ്പിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ വന്ന് നേരിട്ട് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ താങ്കളുമായി കത്തിടപാട് നടത്താൻ കഴിയുന്ന കൃത്യമായ നിങ്ങളുടെ കൃത്യമായ മേൽവിലാസം രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത മേൽ വിലാസത്തിലേക്കോ അയച്ചുതരുന്നതുമായിരിക്കും.

ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി